**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വിമുക്തിക്കായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന നാർക്കോട്ടിക് കേസുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രാസപദാർത്ഥ ലഹരി വസ്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ലഭ്യത ഇല്ലാതാക്കുന്നതിനും ആധുനികോപകരണങ്ങളും സാങ്കേതികവിദ്യയുമുൾപ്പെടെ ലഭ്യമാക്കി എക്സൈസ് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിനും ലഹരി വിരുദ്ധ പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | എക്സൈസ് വകുപ്പ് കണ്ടെടുത്ത NDPS കേസുകളുടെ കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിച്ചാൽ എണ്ണത്തിൽ കുറവുള്ളതായി കാണുന്നു. എന്നാൽ ടി കേസുകളിൽ കണ്ടെടുത്ത മയക്കുമരുന്നുകളുടെ അളവിൽ വർദ്ധനവുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി റെയ്ഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ്, ജില്ലാ സ്ക്വാഡുകൾ എന്നിവയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും പ്രവർത്തിച്ച് വരുന്നു. സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ എല്ലാ പ്രധാന റോഡുകളിലും ബോർഡർ പട്രോളിങ്ങും, വാഹന പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും, പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധനകൾ കർശനമാക്കുകയും ലഹരി ഉപയോഗം കണ്ടെത്തുന്നതിനായി അബോൺ കിറ്റുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. ആധുനിക ഉപകരണങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ അന്വേഷണങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി എല്ലാ ജില്ലകളിലും എക്സൈസ് സൈബർ സെൽ പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ പോരാട്ടത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിമുക്തി മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; മിഷന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും, വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂളുകൾ ലഹരി മുക്തമാക്കുന്നതിന് ''ഉണർവ്വ്'' എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ആദിവാസി–തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, വിവിധ കായിക ഇനങ്ങളിൽ പരിശീലനവും മത്സരവും സംഘടിപ്പിക്കൽ, ലൈബ്രറി സൗകര്യം ഒരുക്കൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി മേഖലകളിലെ കുട്ടികളും യുവാക്കളും അനഭിലഷണീയമായ പ്രവണതകളിൽ ഏർപ്പെടാതിരിക്കുവാനും, അവരുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും ''ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ'' തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്ര കലാ രൂപങ്ങളിലൂടെ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും ഓരോ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വിമുക്തി മേഖലാ കൗൺസിലിംഗ് സെന്ററുകളും, തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്കായി എല്ലാ മാസവും ഓൺലൈൻ മുഖേന വെബിനാറുകളും, നവമാധ്യമങ്ങൾ മുഖേനയും |

| | | | |
|---|---|---|---|
| | | | അല്ലാതെയും വിവിധ മത്സരങ്ങളും നടത്തിവരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും യുവാക്കളുടെ ശ്രദ്ധയും കഴിവും മറ്റും ക്രിയാത്മകമായ മേഖലകളിലേക്ക് തിരിച്ചു വിടുന്നതിനും വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാ കായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, ഹാഫ് മാരത്തോണുകൾ, റാലികൾ തുടങ്ങി ഒട്ടനവധി പരിപാടികൾ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ഭാഗമായി നടത്തിവരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലകളിൽ നിലവിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ കൂടാതെ ലഹരിമോചന ചികിത്സക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) | മയക്കുമരുന്നിന് അടിമപ്പെട്ടവരെ ലഹരി വിമുക്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി നിലവിൽ 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ തിരുവനന്തപുരം ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന വിമുക്തി മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന ആവശ്യക്കാർക്ക് കൗൺസിലിംഗ് നൽകി വരുന്നു. എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ചെക്ക്പോസ്റ്റുകൾ ഇല്ലാതാക്കുകയെന്ന കേന്ദ്ര സർക്കാർ നയം അതിർത്തികളിലൂടെയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് വിഘാതമാകുമോയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 42 അതിർത്തി ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് മൂലം സംസ്ഥാനത്തേയ്ക്കുള്ള മദ്യമയക്കു മരുന്നുകളുടെ അനധികൃത കടത്ത് ഫലപ്രദമായി തടയുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ